SNV Govt. UPS, Iverkala

## എസ്.എൻ.വി.ജി.യു.പി.എസ്
## ഐവർകാല

# അക്കാദമിക്
# എസ്.ആർ.ജി
## 2025 - 2026

# ആമുഖം

കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിൽ കുന്നത്തൂർ പഞ്ചായത്തിൽ എട്ടാം വാർഡിൽ പുത്തനമ്പലം എന്ന സ്ഥലത്താണ് ഐവർകാല എസ്.എൻ.വി.ജി.യു.പി.എസ് സ്ഥിതി ചെയ്യുന്നത്. ഈ നാട്ടിലെ ജനങ്ങൾക്ക് വിദ്യയുടെ തിരിനാളം തെളിയിക്കുന്നതിനായി സാമൂഹിക പ്രവർത്തകരായ ചിലർ ചേർന്ന് 1928 ജൂൺ(കൊല്ലവർഷം 1103 ഇടവം) മാസത്തിൽ ആരംഭിച്ചതാണ് ഈ സ്കൂൾ ആദ്യം ഒന്നു മുതൽ മൂന്നു വരെ ക്ലാസ്സുകളാണ് ഉണ്ടായിരുന്നത്. പിന്നീട് അഞ്ചാം ക്ലാസ് വരെയുള്ള ലോവർ പ്രൈമറി സ്കൂളായി തുടർന്നു 1976 അപ്പർ പ്രൈമറി സ്കൂളായി ഉയർത്തി. നിലവിൽ സ്കൂളിന് ഒരേക്കർ എട്ട്സെൻററ് സ്ഥലമുണ്ട്. 2005-06 വർഷത്തിൽ പ്രീ പ്രൈമറി വിഭാഗം ആരംഭിച്ചു.

തികച്ചും ഗ്രാമീണ അന്തരീക്ഷത്തിലുള്ള ഈ വിദ്യാലയത്തിൽ പഠിക്കുന്ന കുട്ടികളിൽ ഭൂരിഭാഗവും സാമ്പത്തികവും സാമൂഹികവുമായി പിന്നിട്ട് നിൽക്കുന്ന കുടുംബങ്ങളിൽ നിന്ന് വരുന്നവരാണ്. താൻ ഉൾപ്പെടുന്ന തന്റെ കുടുംബത്തെയും സമൂഹത്തെയും നന്മയിലേക്കും വളർച്ചയിലേക്കും നയിക്കുന്ന സമൂഹത്തെ സൃഷ്ടിക്കുന്നതും കൂടാതെ പ്രകൃതിയും പ്രകൃതി വിഭവങ്ങളും വരും തലമുറയ്ക്കും പ്രയോജനപ്പെടണമെന്ന് മനസ്സിലാക്കി പ്രകൃതിയെ സംരക്ഷിക്കുന്നതിന് ആവശ്യമായ കടമകൾ നിർവ്വഹിക്കാൻ പ്രാപ്തരാക്കുന്നതായിരിക്കണം വിദ്യാഭ്യാസം. ഈ ലക്ഷ്യം നേടിയെടുക്കുന്നതിന് ആവശ്യമായ പ്രവർത്തന പരിപാടികളാണ് ഇവിടെ നടപ്പിലാക്കുന്നത് അതിനായി പഠനാന്തരീക്ഷത്തിലും പഠന സൗകര്യങ്ങളിലും അനിവാര്യമായമാറ്റങ്ങളാണ് ഓരോ അക്കാദമിക വർഷത്തിലും നടപ്പിലാക്കി വരുന്നത്.

പൊതു ലക്ഷ്യം

നാടിൻറെ വിളക്കായി ശോഭിച്ചു കൊണ്ടിരിക്കുന്ന ഈ സ്കൂളിൻറെ മുഖ്യ ലക്ഷ്യം വിദ്യാഭ്യാസ സാമൂഹിക സാംസ്കാരികമേഖലകളിൽ പുരോഗതി കൈവരിക്കുക എന്നതാണ്. അതിനാവശ്യമായ പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു വരുന്നു.

വിദ്യാലയ പരിധിയിലുള്ള എല്ലാകുട്ടികളേയും ഈ വിദ്യാലയത്തിൽ എത്തിക്കുന്നതിനാവശ്യമായ പഠനാന്തരിക്ഷം സൃഷ്ടിക്കുക വിദ്യാലയത്തിൻറെ പുരോഗതിക്കായി എല്ലാ വിഭാഗം ജനങ്ങളുടേയും പിന്തുണ ലഭ്യമാക്കി വിദ്യാലയ വികസനം സാധ്യമാക്കുക .

സ്കൂളിൽ പ്രവേശനം നേടുന്ന എല്ലാ കുട്ടികളുടേയും എല്ലാ കഴിവുകളും വികസിപ്പിക്കുന്നതിനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുക

ശിശു സൗഹൃദമായ പഠനാന്തരീക്ഷവും പഠനപ്രവർത്തങ്ങളും നൽകുക. മികച്ചതും ശാസ്ത്രീയവുമായ പഠനോപകരണങ്ങൾ ഓരോ കുട്ടിക്കും ലഭ്യമാക്കുക.ഗുണമേന്മയുള്ള വിദ്യാലയ പ്രവർത്തങ്ങൾ ആസൂത്രണം ചെയ്യുക

ഉപലക്ഷ്യം

- ക്ലാസ്സ് മുറികൾ അക്കാദമിക മികവിൻറ്റെ തെളിവുകളും പഠനോല്പന്നങ്ങളും കൊണ്ട് ആകർഷകമാക്കുക .ക്ലാസ് മുറികൾ ആധുനിക വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താവുന്ന വിധം സൗകര്യമുള്ളതാക്കി മാറ്റും.
- ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളുമായി ബന്ധപെട്ട് ക്ലാസ് തല ചർച്ച , സംവാദം നടത്തുക
- സ്കൂളിൽ വന്നു ചേരുന്ന എല്ലാ കുട്ടികളെയും ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ പരിശീലിപ്പിക്കുക
- ക്ലാസ് നിലവാരം പഠനനേട്ടം ഇവ പരിഗണിച്ചു ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാകുക
- പത്ര വായന ,പത്ര ക്വിസ് (ആഴ്ചയിൽ ).

അക്കാദമികം –

മികച്ച അക്കാദമിക പ്രവർത്തനങ്ങൾ നടത്തി വരുന്നു. മാസത്തിൽ 4 തവണ എസ്.ആർ.ജി കൂടുന്നു.

1) അക്കാദമിക എസ്.ആർ.ജി പഠന പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണം നടക്കുകയും ചെയ്യുന്നു.

2) സ്കൂൾ പ്രവർത്തന എസ്.ആർ.ജി

ദിനാചരണങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ, ശില്പശാലകൾ സ്കൂളുമായി ബന്ധപ്പെട്ടമറ്റു പ്രവർത്തനങ്ങൾ എന്നിവ ചർച്ച ചെയ്യുന്നു.

വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ദിനാചരണങ്ങൾ നടത്തുകയും അതിന്റെ ഉത്പന്നങ്ങൾ ക്ലാസ്സ് പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു സാമൂഹിക പങ്കാളിത്തത്തോടെ ഓണാഘോഷം, സ്വാതന്ത്ര്യദിനം, ശിശുദിനം, പരിസ്ഥിതി ദിനം വാർഷികം എന്നിവ നടത്തിവരുന്നു.

ജില്ലാ ഉപജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന മേളകളിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവെക്കുന്നതിന് ആവശ്യമായ പരിശീലങ്ങളിൽ നൽകിവരുന്നു.എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകൾക്കായി പരിശീലനവും നൽകി വരുന്നു.

പഠത്തിനൊപ്പം വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുന്നതിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന “ക്രിയേറ്റിവ് ക്ലാസ്സ്മുറി “(ശാസ്താംകോട്ട സബ്ജില്ല യിലെ ആദ്യ സ്കൂൾ )ഈ അക്കാദമിക വർഷം കുട്ടികൾക്ക് പ്രയോജനകരമായ രീതിയിൽ പരിശീലനം നൽകുന്നതിനായി തയ്യാറായി

കുട്ടികളിൽ വയനാശീലം വളർത്തുന്നതിനായി ഓരോ ക്ലാസ്സിലും പത്രങ്ങൾ നൽക്കുകയും ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കുകയും സുഗമമായ നടത്തിപ്പിനായി ആവശ്യാനുസരണം കുട്ടികളുടെ ഇടയിൽ നിന്നും ഒരു ലൈബ്രറിയനെ തിരഞ്ഞെടുക്കുകയും അതിനായി ലൈബ്രേറിയന്റെ നേതൃത്വത്തിൽ പുസ്തക വിതരണം നടത്തുകയും ചെയ്യുന്നു. ഒരു ലൈബ്രറി രജിസ്റ്റർ ക്ലാസ് ടീച്ചറിന്റെ മേൽനോട്ടത്തിൽ സൂക്ഷിക്കുകയും ചെയ്യുന്നു.

ഒ.എൻ.വി ഗ്രന്ഥശാലയുടെ നേതൃത്വത്തിൽ സ്കൂളിന്റെ മുൻവശത്ത് ഒരു പുസ്തക കൂട് സ്ഥാപിച്ചിട്ടുണ്ട്.വിശ്രമവേളകളിൽ താല്പര്യമുള്ള കുട്ടികൾക്ക് ഇതിൽ നിന്നും പുസ്തകം എടുത്തു വായിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

നൃത്തം പരിശീലിപ്പിക്കുന്നതിനായി എസ്എം.സിയുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ നടത്തിവരുന്നു. യോഗ, കരാട്ടെ എന്നിവ പരിശീലിപ്പിക്കുന്നതിനായി പഞ്ചായത്തിൻ്റെ സഹായത്തോടുകൂടിക്ലാസ്സുകൾ നടന്നുവരുന്നു.

സ്കൂളിൽ പുതിയതായി അനുവദിച്ച സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീംമിൻ്റെ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി മുന്നേറുന്നു.

നിലവിലെ പ്രീ – പ്രൈമറിയെ ഇൻറർനാഷണൽ പ്രീ - പ്രൈമറിയായി ഉയർത്തുകയും അതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സഹായത്തോടെ സ്കൂളിലെ കുട്ടികളുടെ ആരോഗ്യ ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നുവരുന്നു. . കുട്ടികളിലെ വൈജ്ഞാനിക അനുഭവങ്ങൾ തൊട്ടറിയുന്ന പഠനയാത്രകൾ എല്ലാ വർഷവും സംഘടിപ്പിച്ചു വരുന്നു.

സ്കൂൾ വാർഷികം സമൂഹത്തിന്റെ മൊത്തം ശ്രദ്ധ പിടിച്ചു പറ്റുന്ന വിധത്തിൽ എല്ലാവർഷവും നടത്തിവരുന്നു. അധ്യയന വർഷത്തിന്റെ അവസാനം ആ വർഷത്തെ പഠന പ്രവർത്തനങ്ങളുടെ അവതരണം “മികവുത്സവം” എന്ന പേരിൽ നടത്തിവരുന്നു.

ഭൗതികം

ഈ സ്കൂളിന് ആകെ 4 കെട്ടിടങ്ങളിലായി 12 ക്ലാസ് മുറികളുണ്ട് അതിൽ 7 മുറികൾ ഓടിട്ടതും 5ക്ലാസ്മുറികൾകോൺക്രീറ്റും ആണ്. ഒന്നു മുതൽ ഏഴു വരെയുള്ള ക്ലാസ്സുകൾക്കും, 2 മുറികൾ പ്രീ-പ്രൈമറി വിദാഗത്തിനും ഒരു മുറി കമ്പ്യൂട്ടർ ലാബായും ഒരു മുറി സയൻസ് ലാബായും ഒന്ന് ക്രിയേറ്റിവ് ക്ലാസ്സ്മുറി യായും ഒന്ന് ഓഫീസ് മായും ഒന്ന് ലൈബ്രറി ആയും പ്രവർത്തിക്കുന്നു. എല്ലാ ക്ലാസ് മുറികളും വരാന്തയും ടൈൽസ് പാകിയതാണ്.

സ്കൂളിന് മനോഹരമായ ഒരു പ്രവേശന കവാടമുണ്ട്. ആയിരത്തിലധികം പുസ്തകങ്ങൾ ഉള്ളൊരു ലൈബ്രറി കൂടിയുണ്ട്. അതിവിശാലമായതും എല്ലാ സൗകര്യങ്ങളും കൂടിയതുമായ ഒരു സയൻസ് ലാബിൽ പ്രവർത്തിച്ചു വരുന്നു. . സ്കൂളിൽ ഒരു ജൈവവൈവിധ്യ ഉദ്യാനം പരിപാലിച്ചു വരുന്നു. സ്കൂളിന് വിശാലമായ ഒരു കളി സ്ഥലം നിലവിലുണ്ട് സ്കൂൾ കോമ്പൗണ്ടിൽ കൃഷി നടത്തി വരുന്നു. ആധുനിക സംവിധാനത്തോട് കൂടിയ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു ആയതു പൂർത്തിയാകുന്ന മുറക്ക് പഠന നിലവാരം ഒന്നുകൂടി മെച്ചപ്പെടുത്തുവാൻ കഴിയും .

## 1 തനത് പ്രവർത്തനം

കാലഘട്ടത്തിന്റെ ആവശ്യം പരിഗണിച് സ്കൂളിൽ വന്നു ചേരുന്ന എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കമ്യൂണിക്കേറ്റീവ്ഇംഗ്ലീഷിലും അതുപോലെതന്നെ ഗണിത ശാസ്ത്രത്തിലും കുട്ടികളിൽ താല്പര്യം ഉണർത്തുന്നതിനുവേണ്ടിയും നടപ്പിലാക്കുന്ന 2025 -26 അധ്യയന വർഷ പ്രവർത്തന കലണ്ടർ

| **കാലം** | **ഇംഗ്ലീഷ് പ്രവർത്തങ്ങൾ** | **ഗണിതപ്രവർത്തങ്ങൾ** |
|---|---|---|
| എല്ലാ ക്ലാസ്സും | ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈ കാര്യം ചെയ്യൽ<br>ഇംഗ്ലീഷ് ക്യാമ്പസ് ആഴ്ചയിൽ രണ്ട് ദിവസം (ചൊവ്വ, വ്യാഴം) ദിവസങ്ങളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്നു | വർക്ക് ഷിറ്റുകൾ ഉപയോഗിച്ച കുട്ടികളിൽ അടിസ്ഥാനശേഷി ആശയങ്ങൾ ഉറപ്പിക്കൽ |
| ജൂൺ | **Follw me if you can** ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച പ്രവത്തിക്കുവാനുള്ള പരിശീലനം നൽകുന്ന<br><br>**Lend Your Ear** ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോഡ് ചെയ്തത് കേൾപ്പിക്കുന്നു . | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ് , ഫ്ളഷ് കാർഡ് , ...<br><br>ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിത ആശയങ്ങൾ ഉറപ്പിക്കൽ..... ഉപയോഗിക്കുന്നു ) |
| ജൂലൈ | **Beraking News** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോഡ് ചെയ്ത് കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം നൽകുന്നു | ഗണിത പെട്ടിസ്ഥാപിക്കുന്നു<br><br>ഗണിത ക്ലബ്ബിൻ്റെ പ്രവർത്തനം മെച്ചപ്പടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ |

| | | |
|---|---|---|
| ആഗസ്റ്റ് | **Alert zone** സൂചന ബോർഡ് പോസ്റ്റർ നോട്ടിസുകൾ എന്നിവ സ്കൂളിലും ക്ലാസ് റൂമിലും പ്രദർശിപ്പിക്കുന്നു | I CT സാധ്യത ഉപയോഗപ്പെടുത്തി ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു |
| സെപ്റ്റംബർ | ആഴ്ച്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറി മാറി ഓരോ ക്ലാസ്സിനും ചുമതല | അസംബ്ലിയിൽ മനകണക്ക് ചോദിക്കുന്നു |
| ഒക്ടോബർ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധികരണങ്ങൾ ,പുസ്തകങ്ങൾ എന്നിവ ഉൾക്കൊള്ളികൾ വായന കുറിപ്പ് തയ്യാറാക്കൽ **Reader of the month**ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the mouth നെ ആദരിക്കുന്നു | എറ്റവും മികച്ച വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിത ക്ലിനിക്ക് |
| നവംബർ | തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാൻ അവസരം ഒരുക്കുന്നു | ഗണിത ശാസ്ത്രമൂലകൾ ക്ലാസ്സിൽ സജ്ജീകരിക്കുന്നു |
| ഡിസംബർ | കുട്ടികളുടേ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി തയ്യാറാക്കൽ<br><br>കുട്ടികളോട് അവരുടെ ജീവിത അഭിലാഷം എന്തെന്ന് ഇംഗ്ലീഷിൽ സംസാരിക്കാൻ അവസരം നൽകുന്നു | |
| ജനുവരി | പാഠ പുസ്തകത്തിലെ ഇംഗ്ലീഷ് പാഠ ഭാഗങ്ങളെ പുസ്തകത്തില് പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ | കുട്ടികളുടെ സർഗ്ഗപരമായ കഴിവുകൾ കണ്ടെ ത്തി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ തല ഗണിത മേള സംഘടിപ്പിക്കുന്നു. |

| | | |
|---|---|---|
| | വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിഎഴുതി സദസ്സിനു മുൻപാകെ അവതരിപ്പിക്കൽ Eg skit, conversation , drama | |

വായന

കഴിഞ്ഞ 2 അധ്യയന വർഷം കുട്ടികളിലെ വായന ശീലം പരിപോഷിപ്പിക്കുന്നതിനായി തുടങ്ങിയ പ്രവർത്തനത്തിന്റെ തുടർപ്രവർത്തനം

യുണിറ്റ് ടെസ്റ്

പഠന പുരോഗതി വിലയിരുത്തുവാൻ എല്ലാ മാസവും യുണിറ്റ് ടെസ്റ്റ്

അക്കാദമി മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേ ഖരണം -:മേഖല മലയാളം

| ലക്ഷ്യങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഭാഷപരമായ<br>ശേ ഷിരാഹിത്യം | ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു.<br>• കുട്ടികളെയും രക്ഷകർത്താവിനെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള കൈത്താങ്ങ് പഠന ക്ലാസുകൾ നടത്തുന്നു | ജൂൺ |
| ഭാഷയുമായി ബന്ധപ്പെട്ട ഉയർന്ന സാഹിത്യശേ ഷികൾ കൈകവരിക്കൽ | സാഹിത്യ ചുമർ<br>• കുട്ടികൾ അവർ തയ്യാറാക്കിയ സൃഷ്ടികൾ സ്കൂളിൽ പ്രത്യേകം സജ്ജമാക്കിയ സാഹിത്യ ചുമരിൽ പ്രദർശിപ്പിക്കുന്നു ഓരോ മാസത്തെയും സൃഷ്ടികൾ ചേർത്തുവെച്ച് മാസിക തയ്യാറാക്കുന്നു | |
| ഭാഷാപരമായ അടിസ്ഥാനശേഷികൾകൈകവരിക്കൽ | •. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക് ഷീറ്റ് തയ്യാറാക്കുന്നു കൈകത്താങ്ങ് പഠനക്ലാസുകളിൽ ഈ വർക്ക് ഷീറ്റുകൾ ഉപശേയാഗിക്കുന്നു.<br>• കുട്ടികൾക്ക് ഏതുസമയത്തും വായിക്കാൻ പറ്റുന്ന രീതിയിൽ വായനാ മൂല സജ്ജീകരിക്കുന്നു.വിവിധ നിലവാരക്കാർക്ക് അനുസൃതമായ പുസ്തകങ്ങൾ, മാഗസിനുകൾ ഇവിടെ ലഭ്യമാക്കുന്നു | |
| ഭാഷാപഠനം ലളിതവും ആകർഷവുമാക്കൽ | • കുട്ടികളുന്നെട ഭാഷാശേ ഷി വികസിപ്പിക്കു തിനായി ഭാഷാലാബ് തയ്യാറാക്കുന്നു. | |

| | | |
|---|---|---|
| ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക | • 5,6,7 ക്ലാസുകളിന്നെല പാഠഭാഗങ്ങളുമായി ബന്ധന്നെപ്പട്ട ഐസിടി സാധ്യതകൾ കന്നെണ്ടത്തുന്നു.പഠനവിഭവങ്ങൾ തയ്യാറാക്കുന്നു. | |

## അക്കാദമി മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേ ഖരണം -: മേഖല EnglishEnglish

| ലക്ഷ്യം | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| Defective pronounciation | • Audio video clippings on correct pronounciation.<br>• Classes on phonetics by experts.<br>• Language lab<br>• ICT facilities<br>• Video clippings<br>• Readers theatre | |
| Lack of communication skill | • Dramatisation of stories and enacting them.<br>• Conducting debates and seminars.<br>• Conducting english fest<br>• Theatre workshop<br>• Language lab<br>• Formation of english club.<br>• English assembly.<br>• English chatting through skype,messenger etc.<br>• Developing translation skills | |
| Addressing slow pace learners. | • TM and TLM addressing the slow pace learners.<br>• Special coaching classes for slow pace learners.<br>• Conducting action research on slow pace learners | |
| Support to gifted children | • Special coaching classes using language experts. .<br>• Introducing English library.<br>• English book exhibition.<br>• Classes on creative writing.<br>• Magazines created by children.Digital library | |

| | | |
|---|---|---|
| Insufficient vocabulary | • Word games<br>• Word study using computers<br>• spelling contests<br>• making cross word puzzles<br>• Dictionary making using the words of the text book. | |
| Illegible hand writing | • Writing with ICT facilities<br>• Peer group learning<br>• English diary<br>• English pen friends. | |

അക്കാദമി മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേ ഖരണം - : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 5 6 7 ക്ലാസിലെ അക്ഷര ബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാന്തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചു എടുക്കുക | പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കിക്കൊടുത്ത് പഠിപ്പിക്കും ചിത്രങ്ങൾ അക്ഷരമാല ചാർട്ട് അക്ഷരചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ |
| ഹിന്ദി വായന തെറ്റു കൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ വീഡിയോ താഴെ ഹിന്ദി വാക്യം ഉള്ളവ കാണിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ |
| ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുക. നിത്യജീവിതത്തിൽ ആവശ്യം ഹിന്ദി സംസാരിക്കാനുള്ള | • ഹിന്ദി മാത്രം മിക്കവാറും ക്ലാസുകൾ ഉപയോഗിക്കും അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കൂ. | ജൂൺ മുതൽ ഫെബ്രുവരി വരെ |

| | | |
|---|---|---|
| ഭാഷ<br>പരിചയപ്പെടുത്താം | • കുട്ടികളെ ചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക<br>• ആഴ്ചയിൽ ഒരുതവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക | |

അക്കാദമി മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേ ഖരണം -: സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഭാഷാപരമായ ശേ ഷികളിലെ പിന്നോക്കാവസ്ഥ | പ്രി ടെസ്റ്റ്<br>വർക്ക് ഷീറ്റ് | 1 വർഷം |
| പുസ്തക പരിചയകുറവ് | • സംസ്കൃതം വിദ്യാർത്ഥികൾക്ക് പുസ്തകം കൊടുത്ത് ആസ്വാദന കുറിപ്പും ക്വിസ്സും സംഘടിപ്പിക്കുക<br>• പാവനാടകം, പാഠപുസ്തകവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ പുസ്തകങ്ങൾ പാവനാടക രൂപത്തിൽ ക്ലാസിൽ അവതരിപ്പിക്കുക | 1 വർഷം |

അക്കാദമി മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേ ഖരണം - : അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 5, 6, 7 ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക | • 5,6,7 ക്ലാസുകളിളെല മുഴുവൻ പാഠഭാഗങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് വർക്ക്ഷീറ്റുകൾ തയ്യാറാക്കുക<br>•നിരന്തരമൂല്യ നിരന്തരം മൂല്യനിർണയത്തിന് ആവശ്യമായ ടൂളുകൾ യൂണിറ്റ് ടെസ്റ്റുകൾ എന്നിവ നടത്തുന്നു. | |
| ശാസ്ത്രത്തിലെ പ്രക്രിയ ശേഷികളിൽ മുഴുവൻ കുട്ടികളെയും നിശ്ചിത നിലവാരത്തിലേക്ക് എത്തിക്കുക | • സ്കൂൾ ലാബ് ശാസ്ത്രീകരണം, വിഭവശേഖരണം<br>• ശാസ്ത്ര പരീക്ഷണങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ<br>• എല്ലാവർക്കും ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യാനുള്ള അവസരം നൽകുന്ന<br>• കുട്ടിളെക്കാരു ശാസ്ത്രകിറ്റ് | |
| ആധുനിക സാങ്കേതിക വിദ്യ • | • ഐസിടി വിഭവങ്ങൾ തയ്യാറാക്കൽ<br>• ഡിജിറ്റൽ TM | |
| സ്കൂളിലെ ശാസ്ത്ര പഠനാന്തരീക്ഷം മെച്ചപ്പെടുത്തും | പാഠഭാഗങ്ങളിളെല ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചിത്രങ്ങൾ വരയ്ക്കുക<br>ശാസ്ത്രതത്വങ്ങൾ ലളിതമായി പരീക്ഷണങ്ങളിലൂടെ കുട്ടികളുടെ അവതരണം പരീക്ഷണ കളരി പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ | |

അക്കാദമി മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേ ഖരണം - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികൾക്ക് പ്രദേശത്തെക്കുറിച്ച് വ്യക്തമായ ധാരണ | • പ്രാദേശിക ഭൂപടം തയ്യാറാക്കൽ • ഓരോ ക്ലാസിലും ചുമരിൽ | |

| | | |
|---|---|---|
| | വാർഡ് പഞ്ചായത്ത് ജില്ല കേരളം ഇന്ത്യ എന്നീ ഭൂപടങ്ങൾ വരയ്ക്കുക | |
| പ്രാദേശിക ചരിത്രത്തെത്തകുറിച്ചുള്ള ധാരണ | • മുതിർന്ന പൗരന്മാരുമായി അഭിമുഖം • ചരിത്ര പ്രാധാന്യമുള്ള പ്രാദേശിക സ്ഥലങ്ങളിലേക്ക് പഠനയാത്ര • (കാവ് സന്ദർശനം • പ്രാദേശിക ചരിത്രം | |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക പ്രചാരണം മീറ്റ് ദി ക്യാനിഡേറ്റ്സ് ബാലറ്റ് പേപ്പർ ഉപയോഗിച്ചിട്ടുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | |
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം സെമിനാർ ചാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | |

അക്കാദമി മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേ ഖരണം - : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഗണിതത്തിൽ പിന്നൊക്കെ നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്ക് എത്തിക്കുക | ഗണിതത്തിൽ പിന്നൊക്കെ നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുന്നിലെ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | |
| ഗണിതത്തിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | വർക്ക് റ്റുകൾ ഉപയോഗിച്ച് കുട്ടികൾ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ, ഗ്രാഫ് ഇതുപോലെയുള്ള പ്രവർത്തനങ്ങൾ ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കു | |

ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാൻ ബേസിക് സയൻസ്

| പഠന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ശാസ്ത്ര പ്രവർത്തനങ്ങൾ പരീക്ഷണങ്ങൾ എന്നിവ ലാബ് അറ്റ് ഹോം ശാസ്ത്ര കിറ്റ് എന്നിവ പ്രയോജനപ്പെടുത്തുന്നതിന് | കുട്ടികൾക്കും അധ്യാപകർക്കും ശാസ്ത്ര നിലവിലെ കിറ്റിൽ ഉൾപ്പെടുത്തേണ്ട സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ സാധനങ്ങൾ ശേഖരിക്കാൻ ശേഖരിച്ച് സാധനങ്ങളുടെ ചിട്ടയായി ക്രമീകരണം ക്ലാസ് റൂം പ്രവർത്തനങ്ങൾ ഉൽപ്പന്നങ്ങൾ ഹോം ലാബിലേക്ക് പൊതുപ്രവർത്തനം | |
| ലഹരി ഉപയോഗിക്കുന്നതിനെതിരായി മനോഭാവം വളർത്തുന്നതിനും ലഹരിക്കതിരായി നിലപാട് കൈക്കൊള്ളുവാൻ പ്രാപ്തരാക്കുകയും ചെയ്യുക | ബോധവൽക്കരണ ക്ലാസ്സ് ചിത്രജന മത്സരം പോസ്റ്റർ ക്യാമ്പയിൻ പ്രചാരണം ക്ലാസ് തല ലഹരി വിരുദ്ധ പ്രതിജ്ഞയെടുക്കൽ ലഹരിക്ക പ്രവർത്തനങ്ങൾ (work art integration) | |
| ശാസ്ത്രസാങ്കേതിക മേഖലകളിൽ മനുഷ്യ നേട്ടങ്ങൾ മനസ്സിലാക്കുവാനും പ്രചോദനം ഉൾക്കൊള്ളാനും കഴിയുന്നതിന് | ചാന്ദ്രദിന ആഘോഷം ശാസ്ത്രക്കുറിപ്പുകൾ ശാസ്ത്ര ലേഖനങ്ങൾ എന്നിവ തയ്യാറാക്കൽ ശാസ്ത്ര മാഗസിൻ തയ്യാറാക്കൽ പ്രകാശനം | |
| ശാസ്ത്ര ചിന്ത പരീക്ഷണ ശേഷി എന്നിവ പരിപോഷിപ്പിക്കുകയുംപ്പിക്കുക യും ശാസ്ത്ര പഠനത്തിൽ ഔന്നിത്യം നേടുകയും ചെയ്യുന്നതിന് | • : ശാസ്ത്ര ക്വിസ് പരിശീലനം മുഴുവൻ കുട്ടികളും ഉൾപ്പെടുത്തി പരിശീലനം നൽകുന്നു<br>• : സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിക്കൽ താല്പര്യമുള്ള മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി | |

| | | |
|---|---|---|
| | ശാസ്ത്രമേള സംഘടിപ്പിക്കുന്ന മികവുൽ പുലർത്തുന്നവർക്ക് ഉയർന്ന തലത്തിലേക്ക് മത്സരിക്കാൻ പരിശീലനം നൽകുന്നു<br>• : യുഎസ്എസ് ശാസ്ത്രവിഷയങ്ങൾ കൂടുതൽ പരിശീലനം നൽകുന്നു | |
| പ്രകൃതി പ്രതിഭാസങ്ങളെ നിരീക്ഷിക്കുന്നതിനും അവയുടെ കാരണങ്ങൾ അന്വേഷിക്കുന്നതിനും ഉള്ള മനോഭാവം വളർത്തുന്നതിനും പ്രകൃതി പ്രതിഭാസങ്ങളുമായി ബന്ധപ്പെട്ട അന്ധവിശ്വാസങ്ങൾക്കെതിരെ നിലപാട് സ്വീകരിക്കുന്നതിനും | വിദഗ്ധരായ പങ്കെടുപ്പിച്ചുകൊണ്ട് ജ്യോതിശാസ്ത്ര ക്ലാസ്സ് രാത്രി വാന നിരീക്ഷണം | |
| നിരീക്ഷണം പ്രോജക്ട് എന്നിവയുടെ സ്വന്തം വീട്ടിലും വിദ്യാലയത്തിലും നാട്ടിലെ നിലനിൽക്കുന്ന മലിനീകരണ പ്രശ്നങ്ങൾ അന്വേഷിച്ചും കണ്ടെത്തുന്നതിനും വിശകലനം ചെയ്യുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനുള്ള മനോഭാവം രൂപപ്പെടുത്തുന്നതിന് | പ്രോജക്ട് ആസൂത്രണം നിർവഹണം | |
| ശാസ്ത്ര മികവ് സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കാൻ കഴിയുന്നു | ശാസ്ത്ര പഠനത്തിന് തന്റെ മികവ് പ്രദർശിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സഹായത്താൽ | |

| | | |
|---|---|---|
| | മികവുത്സവം സംഘടിപ്പിക്കുന്നു | |